# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – വികേന്ദ്രീകൃതാസൂത്രണം – സന്നദ്ധ സാങ്കേതിക സഹായ സംഘം – അംഗീകാരം നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

**സ.ഉ.(സാധാ) നം.1084/2008/തസ്വഭവ തിരുവനന്തപുരം, തീയതി : 04.04.2008**

പരാമർശം : 1. കോസ്റ്റ്ഫോർഡ് ഡയറക്ടറുടെ 16.02.2008–ലെ കത്ത്.
2. 26.03.2008–ലെ 2.6 നമ്പർ സി.സി.തീരുമാനം.

## ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾക്ക് സേവനം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കോസ്റ്റ്ഫോർഡിന്റെ നേതൃത്വത്തിൽ ഒരു സന്നദ്ധ സാങ്കേതിക സഹായസംഘം രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ശാസ്ത്രജ്ഞർ, എഞ്ചിനീയർമാർ, പ്രൊഫഷണലുകൾ, സാങ്കേതിക വിദഗ്ദ്ധർ, സർക്കാർ ഇതര സംഘടനകളിലെ വിദഗ്ദ്ധർ, കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർ, വിദേശജോലി കഴിഞ്ഞ് തിരിച്ചെത്തിയ വിദഗ്ദ്ധർ, റിട്ടയർ ചെയ്ത പ്രൊഫഷണലുകൾ / വിദഗ്ദ്ധർ എന്നീ വിഭാഗത്തിലെ അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സംഘത്തിന്റെ പ്രവർത്തനങ്ങൾ കോസ്റ്റ്ഫോർഡ് ഏകോപിപ്പിക്കുന്നതാണ്.

2. വികേന്ദ്രീകൃതാസൂത്രണത്തിന്റെ മുഖ്യലക്ഷ്യങ്ങളായ കൃഷി, പുനരുജ്ജീവനം, പ്രാദേശിക സാമ്പത്തിക വികസനം, പൊതു സേവനങ്ങളുടെ മേൻമ വർദ്ധിപ്പിക്കൽ, സാമൂഹ്യനീതി ഉറപ്പുവരുത്തൽ എന്നിവയിലധിഷ്ഠിതമായ പ്രാദേശിക പദ്ധതികൾ ആവിഷ്കരിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാങ്കേതിക സേവനം സന്നദ്ധമായി പ്രദാനം ചെയ്യുകയെന്നതാണ് സംഘത്തിന്റെ ദൗത്യം. ആ ദൗത്യം നിർവ്വഹിക്കുന്നതിന് അനുയോജ്യമായ രീതിയിൽ വിവിധ വികസന മേഖലകൾക്ക് സബ്ഗ്രൂപ്പുകളും രൂപീകരിച്ചിട്ടുണ്ട്.

3. സന്നദ്ധ സാങ്കേതിക സഹായ സംഘത്തെ അംഗീകരിച്ച്, അതിന്റെ സേവനം പ്രയോജനപ്പെടുത്തുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകണമെന്ന് പരാമർശത്തിലെ കത്തിൽ ആവശ്യപ്പെടുന്നു.

4. ഗവൺമെന്റ് ഈ ആവശ്യം വിശദമായി പരിശോധിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ വർക്കിംഗ് ഗ്രൂപ്പുകൾ, പദ്ധതി വിലയിരുത്തൽ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകൾ, പ്രത്യേക രീതി ശാസ്ത്രം അവലംബിച്ച് തെരഞ്ഞെടുത്ത മേഖലകളിൽ പദ്ധതി തയ്യാറാക്കുന്നതിനുള്ള റിസോഴ്സ് ഗ്രൂപ്പ്, വിവിധ മേഖലകളിലെ സ്റ്റേക്ക് ഹോൾഡർ കൂടിയാലോചനകളുടെ സംഘാടകർ മുതലായ സമിതികളിൽ ഈ സന്നദ്ധ സംഘത്തിലെ പ്രതിനിധികളുടെ സേവനം പ്രയോജനകരമായിരിക്കുമെന്ന് സർക്കാർ വിലയിരുത്തുന്നു. അതിനാൽ തൃശ്ശൂർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സന്നദ്ധ സാങ്കേതിക സഹായ സംഘത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ, വിലയിരുത്തൽ പ്രവർത്തനങ്ങൾക്കുള്ള സാങ്കേതിക സഹായ ഗ്രൂപ്പ് ആയി അംഗീകരിച്ച്, ഉത്തരവാകുന്നു. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ആ സംഘത്തിന്റെ സന്നദ്ധ സേവനം പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി
(തദ്ദേശസ്വയംഭരണ വകുപ്പ്)

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
ഗ്രാമവികസന കമ്മീഷണർ
ഡയറക്ടർ, നഗരകാര്യവകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
ഡയറ്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്
സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് മുൻസിപ്പൽ ഹൗസ്, വഴുതയ്ക്കാട്
തിരുവനന്തപുരം –14

(ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളെയും അറിയിക്കേണ്ടതാണ്.)

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാകളക്ടർ (ആസൂത്രണസമിതി സെക്രട്ടറി) മാർക്കും
ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശ്ശൂർ
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറ്കടർ, ഇൻഫർമേഷൻ കേരള മിഷൻ
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ ജോയിന്റ് മേഖലാ ഡയറക്ടർമാർക്കും
എല്ലാ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർമാർക്കും
ഡയറക്ടർ, കോസ്റ്റ്ഫോർഡ്, തൃശ്ശൂർ
ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ

പകർപ്പ് : തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
തദ്ദേശ സ്വയംഭരണവകുപ്പ് (ഡി.ബി/ ഡി.സി/ഡി.ഡി./എഫ്.എം) വകുപ്പുകൾക്ക്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**